**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **24-08-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വ്യവസായ പുരോഗതിക്കായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 18601 സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മലപ്പുറം ജില്ലയിൽ ബി.ടെക്/എം.ബി.എ യോഗ്യതയുള്ള 122 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകർക്കായി ശിൽപശാലകൾ നടത്തുകയുണ്ടായി. ലോൺ/ സബ്സിഡി/ലൈസൻസ് മേളകളും നടന്നു വരുന്നു. കൂടാതെ വ്യവസായ വകുപ്പ് വഴി വിവിധ സാമ്പത്തിക സഹായ പദ്ധതികളും പ്രോത്സാഹന പരിപാടികളും നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വ്യവസായ മേഖലയിൽ നടത്തിയ മുതൽ മുടക്കുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇക്കാലയളവിൽ ഏതെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം ജില്ലയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ മേഖലയിൽ 27,188.94 ലക്ഷം രൂപ മുതൽ മുടക്കിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരം (തുക ലക്ഷത്തിൽ) താഴെക്കൊടുക്കുന്നു :<br><br>കൊണ്ടോട്ടി-1511.41, ഏറനാട് - 2060.02, നിലമ്പൂർ-1981.30, വണ്ടൂർ - 1672.21, മഞ്ചേരി-2241.01, പെരിന്തൽമണ്ണ-1674.07, മങ്കട-1620.02, മലപ്പുറം-2001.36, വേങ്ങര-1611.01, വള്ളിക്കുന്ന്-1417.73, തിരൂരങ്ങാടി-1318.30, താനൂർ-1322.34, തിരൂർ-1872.61, കോട്ടയ്ക്കൽ-1828.24, തവനൂർ-1534.78, പൊന്നാനി-1522.53<br><br>ആകെ : 27188.94 ലക്ഷം.<br><br>ഇക്കാലയളവിൽ ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ്, ഗ്ലാസ് ആൻഡ് സിറാമിക്സ്, മെക്കാനിക്കൽ എൻജിനീയറിങ്, ഐ ടി&ഐ ടി ഇ എസ്, ഐ. ടി. ഹാർഡ് വെയർ, റബ്ബർ പ്രോഡക്ടസ്, കെമിക്കൽ, പ്ലാസ്റ്റിക്, പേപ്പർ, വുഡ് പ്രോഡക്ടസ്, പ്രിന്റിങ്, ബിൽഡിങ് മെറ്റീരിയൽസ്, |

| | | | |
|---|---|---|---|
| | | | ലതർ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ആയുർവേദിക് പ്രോഡക്ടസ്, സർവീസ് പ്രോഡക്ടസ്, ഫുഡ് & അഗ്രോ ബേസ്ഡ് പ്രോഡക്ട്സ് മുതലായ മേഖലകളിലാണ് പുതിയ സംരംഭങ്ങൾ തുടങ്ങിയിട്ടുള്ളത്. |
| (സി) | പുതിയ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാൻ സൗകര്യമുള്ളതും വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; ഇവിടെ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ പയ്യനാട് വ്യവസായ എസ്റ്റേറ്റും സിഡ്കോയുടെ ഉടമസ്ഥതയിൽ മഞ്ചേരി വ്യവസായ എസ്റ്റേറ്റും എടവണ്ണ, ഊരകം, കൊണ്ടൂർ മിനി വ്യവസായ എസ്റ്റേറ്റുകളും കിൻഫ്രയുടെ ഉടമസ്ഥതയിൽ കാക്കാഞ്ചേരി ടെക്നോ ഇൻഡസ്ട്രിയൽ പാർക്കും നിലവിലുണ്ട്. ഇവിടെ നിലവിൽ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാൻ ഭൂമി ഒഴിവില്ല. |

സെക്ഷൻ ഓഫീസർ